(സി) കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ 149-ാം നമ്പർ റേഷൻ കടയുടെയും കാഞ്ഞിരപ്പള്ളി താലൂക്കിലെ 83-ാം നമ്പർ റേഷൻ കടയുടെയും അംഗീകാരം താൽക്കാലികമായി റദ്ദാക്കിയത് ഈ കാരണത്താലാണ്. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ 5 റേഷൻ കടകളിലും പാലക്കാട് താലൂക്കിലെ 4 റേഷൻ കടകളിലും മണ്ണാർക്കാട് താലൂക്കിലെ 2 റേഷൻ കടകളിലും ആലത്തൂർ താലൂക്കിലെ 3 റേഷൻ കടകളിലും ഒറ്റപ്പാലം താലൂക്കിലെ ഒരു റേഷൻ കടയിലും ഇത്തരം ക്രമക്കേട് കണ്ടെത്തിയിരുന്നു. ഇതിൽ ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം എന്നീ താലൂക്കുകളിലെ ഓരോ ARD-യുടെയും ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകളിലെ 2 ARD-കളുടെയും ലൈസൻസ് താൽക്കാലികമായി സസ്പെന്റ് ചെയ്യുകയും മറ്റുള്ളവരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) പരിശോധിച്ചിട്ടുണ്ട്. ക്രമക്കേട് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

ലൈറ്റ് മെട്രോ പദ്ധതി

22(*112) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡി.എം.ആർ.സി. സമർപ്പിച്ച വിശദമായ പഠന റിപ്പോർട്ട് സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; ഇപ്രകാരം രണ്ടു പദ്ധതികളും പൂർത്തിയാക്കുന്നതിനാവശ്യമായ തുക എത്ര;

(സി) പദ്ധതി ചെലവിന്റെ എത്ര ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ കണ്ടെത്തും; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഭൂമി അക്വയർ ചെയ്യുന്നതിനും, പദ്ധതി ചെലവിലേക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; വിശദമാക്കാമോ;

(ഇ) ജൈക്കാ വായ്പ ലഭ്യമാകുമോ; ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ജൈക്കയിൽ നിന്നും ലഭിച്ച മറുപടി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതനുസരിച്ച് പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനായി പദ്ധതികളുടെ വിശദമായ പദ്ധതി രേഖകൾ 12-8-2015-ലും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളുടെ സമഗ്ര ഗതാഗത പദ്ധതി റിപ്പോർട്ട് (CMP) 21-10-2015-ലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രിയും ഉദ്യോഗസ്ഥന്മാരുമായി മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും 16-10-2015-ന് ഡൽഹിയിൽ ചർച്ച നടത്തിയിട്ടുണ്ട്. ആ യോഗത്തിന്റെ തീരുമാനമനുസരിച്ചാണ് CMP സമർപ്പിച്ചത്.

(ബി) ഡി.എം.ആർ.സി. സമർപ്പിച്ച തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ രൂപരേഖ സംസ്ഥാന സർക്കാർ പരിശോധനയ്ക്ക് ശേഷം അംഗീകരിച്ച് 11-9-2015-ലെ സ.ഉ (കൈ) നമ്പർ 74/15/പൊ.മ.വ. പ്രകാരം പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി പൂർത്തിയാക്കുന്നതിന് 4219 കോടി രൂപയും (കേന്ദ്ര നികുതിയും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന തുകയും ഉൾപ്പെടെ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പൂർത്തിയാക്കുന്നതിന് 2509 കോടി രൂപയും (കേന്ദ്ര നികുതിയും ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിവരുന്ന തുകയും ഉൾപ്പെടെ) ആണ് കണക്കാക്കിയിട്ടുള്ളത്.

(സി) പദ്ധതി ചെലവിന്റെ 20 ശതമാനം കേരള സർക്കാരും 20 ശതമാനം കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് വിശദമായ പദ്ധതിരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിനുപുറമെ, അധികമായി വേണ്ടിവരുന്ന തുക 'മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് പ്രോജക്ട്' എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേക തുകയൊന്നും നിലവിൽ വകയിരുത്തിയിട്ടില്ല.

(ഇ) ജൈക്ക വായ്പ ലഭ്യമാക്കുന്നതിന് നിലവിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly